പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2030 — 26.03.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## അടുക്കളമാലിന്യത്തിൽ നിന്നുള്ള ഊർജ്ജോത്പാദനത്തിന് സബ്സിഡി

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടുക്കള മാലിന്യത്തിൽ നിന്ന് ഊർജ്ജോത്പാദനം ലക്ഷ്യമിട്ട് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ;<br>(ബി) ഇതിനുവേണ്ടി സബ്സിഡി നൽകുന്നുണ്ടോയെന്നറിയിക്കുമോ ; എത്ര തുക വീതമാണ് ഇതിന് അനുവദിക്കുന്നതെന്നറിയിക്കുമോ ;<br>(സി) അടുക്കള മാലിന്യത്തിൽ നിന്ന് ചെറുകിട ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് എത്ര രൂപ വീതമാണ് സബ്സിഡി നൽകുന്നതെന്ന് അറിയിക്കുമോ ; | (എ) യും (ബി)യും (സി)യും<br>ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ശുചിത്വ മിഷൻ വഴി 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി നൽകി വരുന്നു. ഗാർഹിക തലത്തിലുള്ള 0.50 ക്യൂബിക് മീറ്റർ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് 8000 രൂപ മുതൽ 10500 രൂപ വരെയുള്ളവയാണ് (4തരത്തിലുള്ളവ) യൂണിറ്റ് കോസ്റ്റായി സർക്കാർ അംഗീകരിച്ചിട്ടുള്ളത്. അതിന്റെ 50% - 25% എന്ന നിരക്കിലാണ് സബ്സിഡി നല്കി വരുന്നത്. കൂടാതെ 1 ക്യൂബിക് മീറ്റർ മുതൽ 10 ക്യൂബിക് മീറ്റർ വരെ ശേഷിയുള്ള അനെർട്ട് അംഗീകൃത മോഡൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് പ്ലാന്റ് ഒന്നിന് 8000 രൂപ വീതവും അനെർട്ട് വഴി സബ്സിഡി നല്കുന്നുണ്ട്. |
| (ഡി) ചേർത്തല നഗരസഭയുടെ കീഴിൽ എത്ര പേർക്ക് പ്രസ്തുത ഇനത്തിൽ സബ്സിഡി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) 3.12.2012-ൽ ശുചിത്വ മിഷനിൽ നിന്നും നൽകിയ സാങ്കേതിക അനുമതി പ്രകാരം 525 വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റുകൾക്കായി 23,62,500 രൂപ സബ്സിഡി നൽകാനും 11,81,250 രൂപ മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്നുള്ള സബ്സിഡിയായും നൽകാനുള്ള പദ്ധതിക്കുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്. കൂടാതെ അനെർട്ട് വഴിയും 27 പ്ലാന്റുകൾക്ക് ചേർത്തല മുൻസിപ്പാലിറ്റിയിൽ സബ്സിഡി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ